File No.SJD-E2/152/2020-SJD

4214
18/3/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം- SJD-E2/152/2020-SJD

സാമൂഹ്യ നീതി വകുപ്പ്

തിരുവനന്തപുരം,

തീയതി: 14/02/2021

സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - സ്കോളർഷിപ്പുകളും മറ്റു സഹായങ്ങളും കുട്ടികൾക്ക് പൊതുപരിപാടികളിൽ വച്ച് നൽകുന്നത്- നിർദ്ദേശങ്ങൾ - സംബന്ധിച്ച

സൂചന:- കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 06 / 08 / 2020 തീയതിയിലെ 4094 / എൽ എ 1 / 2020 / KeSCPCR നമ്പർ ഉത്തരവ്

**********************

സംസ്ഥാനത്തു സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങളും സ്കോളർഷിപ്പുകളും പൊതുപരിപാടികളിൽ വച്ച് നൽകുന്നതും അവ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതും ടി കുട്ടികളുടെ മാനസിക - വ്യക്തിത്വ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട് . കുട്ടികളെ കേവലം പ്രദർശനവസ്തുക്കളുടെ നിലവാരത്തിലേക്ക് തരം താഴ്ത്തുന്നതിനോടൊപ്പം സമപ്രായക്കാരായ മറ്റു കുട്ടികളുടെ മുന്നിൽ അപകർഷതാ ബോധം ഉളവാക്കുവാനും കാരണമാകുന്നു. ഇത് സ്വകാര്യതയിലും ആത്മാഭിമാനത്തോടെയും കുട്ടിക്കാലം ചെലവഴിക്കണമെന്ന 1989 ലെ അന്താരാഷ്ട്ര ബാലാവകാശ ഉടമ്പടിയുടെയും ബാലനീതി നിയമം സെക്ഷൻ 3 ( XI ) ന്റെയും ലംഘനവുമാണ്. സർക്കാരിന്റെ വിവിധ വകുപ്പുകളും, സർക്കാരുമായി യോജിച്ചും അല്ലാതെയും സന്നദ്ധ സംഘടനകളും സ്വകാര്യവ്യക്തികളും മറ്റും കുട്ടികൾക്കായി നല്കുന്ന സാമ്പത്തിക സഹായങ്ങളും സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പുകളും മറ്റു സഹായങ്ങളും കുട്ടികൾക്ക് നൽകുമ്പോൾ ആയത് പൊതുപരിപാടികളിൽ വച്ച് നല്കരുതെന്നും സാമ്പത്തിക സഹായ വിതരണമോ മറ്റ് ആനുകൂല്യങ്ങളോ നല്കുന്ന ഫോട്ടോകളും മറ്റും പത്രമാധ്യമങ്ങളിലോ സാമൂഹ്യ മാധ്യമങ്ങളിലോ പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല എന്നും ബന്ധപ്പെട്ടവർ ഇക്കാര്യം കർശനമായി പാലിക്കണമെന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.

ബിജു പ്രഭാകർ

സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

ചെയർമാൻ ,കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ,തിരുവനന്തപുരം

ഡയറക്ടർ ,വനിതാ ശിശു വികസന വകുപ്പ്,ഡയറക്ടർ

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി